IV സബ്മിഷൻ

(1) സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, സ്വാതന്ത്ര്യ സമര സേനാനികളെ സംബന്ധിച്ചുള്ള വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. നമ്മുടെ രാജ്യത്തിന് അഭിമാനമായ സ്വാതന്ത്ര്യ സമര സേനാനികളുടെ ചിലപ്രശ്നങ്ങളാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. 1971 ഏപ്രിൽ 1 മുതൽ കേരളത്തിൽ അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. അച്യുതമേനോൻ സ്വാതന്ത്ര്യ സമര സേനാനികൾക്ക് 50 രൂപ സ്റ്റേറ്റ് പെൻഷൻ അനുവദിച്ചുകൊണ്ട് ദേശാഭിമാനികളായ സ്വാതന്ത്ര്യ സമര സേനാനികളെ ആദരിക്കാനും അവർക്ക് ആശ്വാസം നൽകാനും ആദ്യമായി നടപടിയെടുത്തു. 1972 ആഗസ്റ്റ് 15 മുതൽ കേന്ദ്രസർക്കാർ 200 രൂപ കേന്ദ്ര പെൻഷനും താമ്രപത്രം നൽകികൊണ്ട് അവരെ ബഹുമാനിക്കാനും മുന്നോട്ടു വന്നു. പിന്നീട് മാറിമാറി വന്ന കേന്ദ്ര ഗവൺമെന്റുകളും സംസ്ഥാന ഗവൺമെന്റുകളും ഇവരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും മറ്റ് ചില ആശ്വാസ നടപടികൾ സ്വീകരിക്കുകയുമുണ്ടായി. ഒരു വലിയ രാജ്യത്തിന്റെ എളിയ പരിതോഷികം എന്ന പ്രഖ്യാപനത്തോടെയാണ് ഗുജറാത്ത് സർക്കാർ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി 1997 ആഗസ്റ്റു മുതൽ കേന്ദ്ര പെൻഷൻ 3000 രൂപയായി വർദ്ധിപ്പിച്ചത്. അതിനു പുറമെ കേന്ദ്ര പെൻഷൻ ലഭിക്കുന്നവർക്ക് ഡി.എയും നടപ്പിലാക്കി. സംസ്ഥാനത്ത് 2000 രൂപയാണ് ഇന്ന് പെൻഷനായി നൽകുന്നത്. കേരളത്തിൽ ശ്രീ. പികെ.വിയുടെ ഗവൺമെന്റ് അധികാരത്തിൽ ഉണ്ടായിരുന്ന സന്ദർഭത്തിൽ സ്വാതന്ത്ര്യ സമര സേനാനികൾക്ക് സൗജന്യ വൈദ്യസഹായം ഏർപ്പെടുത്തി. ചില കർക്കശ വ്യവസ്ഥകൾ ഈ ചികിത്സാ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയതു മൂലം ഈ ചികിത്സാ സഹായത്തിന്റെ പ്രയോജനം ഇന്ന് നമ്മുടെ സ്വാതന്ത്ര്യ സമര സേനാനികൾക്ക് കിട്ടാൻ വളരെയേറെ പ്രയാസം അനുഭവപ്പെടുന്നു. സംസ്ഥാനത്തുള്ള കേന്ദ്ര സർക്കാർ ആശുപത്രികളിലും ഈ സൗജന്യ സഹായത്തിന് ഉത്തരവ് ഉണ്ടെങ്കിലും കേരളത്തിലുള്ള ആശുപത്രികൾക്കൊന്നും ഈ സഹായം കിട്ടുന്നില്ല. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് കൊടുത്തിട്ടും ആ ചികിത്സാ ചെലവിന്റെ സഹായം കിട്ടാൻ വളരെ വൈകുന്നു. ചികിത്സ നടത്തുന്നതിന്റേയും മരുന്നിന്റേയുമൊക്കെ ബില്ലുകൾ കൊടുത്താൽ മാസങ്ങളോളം, രണ്ടും മൂന്നും വർഷം വരെ കാത്തിരിക്കേണ്ട സ്ഥിതി നിലവിലുണ്ട്. കഴിഞ്ഞ 3 വർഷമായി ധാരാളം പേർക്ക് ബില്ലുകൾ പാസ്സാക്കി കിട്ടിയിട്ടില്ല. ഈ ചികിത്സാ ആനുകൂല്യം യഥാസമയം കൊടുക്കാൻ നിർബന്ധമായി ഗവൺമെന്റ് നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മരണാനന്തര ആവശ്യങ്ങൾക്കായുള്ള സഹായം ആയിരം രൂപയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ ആ സംഖ്യയും കൃത്യസമയത്ത് കിട്ടുന്നില്ല. എന്ന പരാതിയും വ്യാപകമായുണ്ട്. രണ്ടു വർഷമായതുവരെ കിട്ടാൻ ബാക്കി കിടക്കുകയാണ്. കേന്ദ്ര സർക്കാർ കൊടുക്കുന്ന ക്ഷാമബത്ത സംസ്ഥാനത്തെ സ്റ്റേറ്റ് പെൻഷൻകാർക്കും നടപ്പിലാക്കണമെന്ന് ആവശ്യവും ശക്തമായി ഉന്നയിച്ചിട്ടുണ്ട്. സർക്കാരിന്റെ വിവിധ കമ്മിറ്റികളിൽ ഇവരുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിനിധികളെ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശവും നടപ്പിലാക്കണം. അതുപോലെ രോഗികളും പ്രായാധിക്യം കൊണ്ട് അവശത അനുഭവിക്കുന്നവരുമായ സ്വാതന്ത്ര്യസമര സേനാനികളെ എല്ലാ തലങ്ങളിലും ബഹുമാനിക്കാനും ആദരിക്കാനും അവരെ സഹായിക്കാനും അവർക്ക് ആശ്വാസം യഥാസമയം കൊടുക്കാനും നടപടിയെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, സ്വാതന്ത്ര്യ സമര സേനാനികൾക്ക് സംസ്ഥാന സർക്കാർ പെൻഷൻ ഇനത്തിൽ പ്രതിമാസം 2000 രൂപയും മരണാനന്തര ചടങ്ങുകൾക്ക് 1000 രൂപയും നൽകുന്നു. കൂടാതെ ചികിത്സയ്ക്ക് ചെലവാകുന്ന തുക റീഇംബേഴ്സ് ചെയ്യുന്നതിനും വ്യവസ്ഥയുണ്ട്. സ്വാതന്ത്ര്യ സമര സേനാനികൾക്ക് സംസ്ഥാന ട്രാൻസ്പോർട്ട് ബസുകളിൽ യാത്ര സൗജന്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ള മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ അർഹരായവർക്ക് യഥാസമയം തന്നെ ലഭ്യമാക്കുന്നതിന് പരമാവധി ശ്രമിച്ചുവരുന്നു. സംസ്ഥാന പെൻഷൻ തുക കേന്ദ്ര പെൻഷന് തുല്യമായി വർദ്ധിപ്പിക്കണമെന്നും മരണാനന്തര ചെലവുകൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക വർദ്ധിപ്പിക്കണമെന്നും ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് നേരിടുന്ന കാലതാമസം ഒഴിവാക്കണമെന്നും മറ്റും ആവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇവ പരിശോധിച്ചു വരുന്നു. ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) വീരശൈവ സമുദായത്തിന് നഷ്ടപ്പെട്ട ആനുകൂല്യം പുനസ്ഥാപിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. മുരളി : സർ, പിന്നോക്കത്തിൽ പിന്നോക്കം നിൽക്കുന്ന ഒരു സമുദായമായ വീരശൈവ സമുദായത്തിന്റെ വളരെ പ്രധാനപ്പെട്ട രണ്ട് ആവശ്യങ്ങളാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നത്. പർപ്പിട നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ച സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഒരു സമുദായമാണ് വീരശൈവ സമുദായം. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധങ്ങളായ ഉപജാതികളുടെ പേരിലാണ് ഇന്ന് വീരശൈവരെ അറിയപ്പെടുന്നത്. തിരുകൊച്ചി സർക്കാർ 1950 വരെ ഒ.ഇ.സിയിൽപ്പെടുത്തിയിരുന്ന ആ സമുദായത്തെ 1950-ൽ ഒ.ഇ.സിയിൽ നിന്നും ഒഴിവാക്കി. 1961-ൽ ശ്രീ. കെ. കെ. വിശ്വനാഥന്റെ നേതൃത്വത്തിലുള്ള ഇവാല്യുവേഷൻ കമ്മിറ്റി വീരശൈവരെ ഒ.ഇ.സിയിൽ വീണ്ടും ഉൾപ്പെടുത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഒരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചില്ല. ഇപ്പോൾ ഒ.ബി.സിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വീരശൈവരിൽ വലിയൊരു വിഭാഗത്തിന് ഒ.ബി.സിയുടെ ആനുകൂല്യംപോലും നിഷേധിച്ച ഒരു ഉത്തരവ് ഈ ഗവൺമെന്റിന്റെ കാലത്ത് 8-11-1996-ൽ സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. വീരശൈവരിൽ വീരശൈവ പണ്ടാരൻ, ഗൗഡുകൾ, കുരിക്കൾ, വൈരാഗി, വൈരാവി എന്നീ ഉപവിഭാഗങ്ങളെയാണ് 1996-ലെ ഉത്തരവിലൂടെ ഇപ്പോൾ ഒ.ബി.സിയിൽ നിന്നുപോലും പുറത്താക്കിയിരിക്കുന്നത്. സർക്കാർ നിയമിച്ച ഒരു സ്വകാര്യ ഏജൻസി നടത്തിയ പഠന റിപ്പോർട്ട് വച്ചു കൊണ്ടാണ് സർക്കാർ ഈ ഉത്തരവ് പുറപ്പെടുവിച്ച് ഈ സമുദായത്തിനുണ്ടായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly